# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## സബ്ജക്ട് കമ്മിറ്റി – I- നാളികേര മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച ഉപസമിതിയുടെ ചോദ്യാവലി

കേരളത്തിലെ നാളികേരമേഖല നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പ്രായോഗികവും ഫലപ്രദവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി കേരള നിയമസഭയിലെ കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I- നു കീഴിൽ ശ്രീ.രാജാജി മാത്യു തോമസ് കൺവീനറായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കർഷകരുടെയും ഈ മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭകർ/വ്യാപാരികൾ കർഷക സമിതികൾ എന്നിവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ ഉപസമിതിയുടെ പരിഗണനയ്ക്കായി ക്ഷണിച്ചുകൊള്ളുന്നു. അതിലേയ്ക്കായി ഒരു ചോദ്യാവലി ചുവടെ ചേർക്കുന്നു. വസ്തുനിഷ്ഠമായ ഉത്തരങ്ങൾ പ്രതീക്ഷിക്കുന്നു.

1. താങ്കളുടെ/കർഷക സമിതിയുടെ പേര്
   മേൽവിലാസം,
   ജില്ല.
2. താങ്കളുടെ തൊഴിൽ/കേര കർഷകൻ/നാളികേര മേഖലയുമായി ബന്ധപ്പെട്ട മറ്റു തൊഴിൽ
3. കേര കർഷകൻ ആണെങ്കിൽ മുഴുവൻ സമയ കർഷകൻ ആണോ ?
4. താങ്കൾ തെങ്ങു കൃഷി നടത്തുന്ന കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം
   2 ഹെക്ടറിനുമുകളിൽ/താഴെ/വീട്ടുവളപ്പിൽ ചുരുങ്ങിയ എണ്ണം

## വൻകിട കേരകൃഷി

5. 2 ഹെക്ടറിനുമുകളിൽ തെങ്ങു കൃഷി നടത്തുന്ന കർഷകനാണെങ്കിൽ കൃഷി ഭവനിൽ നിന്നും നാളികേര വികസന കോർപ്പറേഷനിൽ നിന്നും കൃഷിക്കുവേണ്ടതായ മാർഗ്ഗ നിർദ്ദേശമോ സഹായമോ ലഭിക്കുന്നുണ്ടോ ?

6. താങ്കളുടെ കൃഷി ഭൂമി ഏതുതരം പ്രദേശമാണ് ?
ചതുപ്പ്/വരണ്ടമണ്ണ്/മണൽ

7. തോട്ടത്തിൽ ജലസേചനം നടത്താറുണ്ടോ ; എങ്കിൽ ഏതുതരം ജലസേചനമാണ് നടത്തുന്നത് ?

8. താങ്കൾ ശാസ്ത്രീയമായാണോ തെങ്ങുകൃഷി നടത്തുന്നത് ; എങ്കിൽ തെങ്ങുകൾ തമ്മിലുള്ള അകലം എത്ര ? തെങ്ങിന് വളപ്രയോഗം/തടമെടുക്കൽ മുതലായ എന്തൊക്കെ പരിചരണങ്ങൾ എപ്പോഴൊക്കെയാണ് നൽകാറുള്ളത് ?

9. താങ്കളുടെ തോട്ടത്തിലെ തെങ്ങുകളുടെ പ്രായം

(a) 15 വർഷത്തിനുതാഴെ/ 15 - 25 വരെ/25 - 50 വരെ/ 50 വർഷത്തിനുമുകളിൽ

(b) ഉല്പാദനക്ഷമതയുള്ളവയുടെ എണ്ണം

(c) പ്രായാധിക്യത്താൽ കായ്ഫലം കുറഞ്ഞവയുടെ എണ്ണം

(d) ഉല്പാദനം കുറഞ്ഞ പ്രായാധിക്യം ചെന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും എന്തൊക്കെ സഹായം ലഭിക്കുന്നുണ്ട് ; ഇത് യഥാസമയം ലഭിക്കാറുണ്ടോ ?

(e)രോഗംബാധിച്ചവയുടെ എണ്ണം

10. കായ്ഫലമുള്ള ഒരു തെങ്ങിൽ നിന്നും ഒരു വർഷം ശരാശരി എത്ര തേങ്ങ ലഭിക്കുന്നുണ്ട്

11. (a) താങ്കളുടെ തോട്ടത്തിൽ രോഗ/കീട ബാധിതമായ തെങ്ങുകൾ ഉണ്ടോ ; എങ്കിൽ ഏത് തരത്തിലുള്ള രോഗ/കീട ബാധയാണുള്ളത് ?

(b) രോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(c) രോഗം മൂലം തെങ്ങുകൾ വെട്ടിമാറ്റപ്പെടേണ്ടി വന്നിട്ടുണ്ടോ ; ആയതിന് കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നും നഷ്ടപരിഹാര ത്തുക ലഭിക്കുന്നുണ്ടോ ; ഇപ്രകാരം നഷ്ടപരിഹാരം ലഭ്യമാകുന്ന തിന് കാലതാമസം ഉണ്ടാകാറുണ്ടോ ?

(d) തെങ്ങുകളെ ബാധിക്കുന്ന രോഗങ്ങൾ/കീടങ്ങളെ പ്രതിരോധി ക്കുന്നതിനുള്ള നൂതന സാങ്കേതിക മാർഗ്ഗങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പിൽ നിന്നും വിവരങ്ങൾ നൽകാറുണ്ടോ ; കീട/രോഗ നിയന്ത്ര ണത്തിനായി എന്തൊക്കെ സാങ്കേതിക സഹായമാണ് ലഭിക്കാ റുള്ളത് ?

12. നൂതന കൃഷി രീതികൾ, വളപ്രയോഗ രീതികൾ എന്നിവ സംബന്ധിച്ച് കൃഷി വകുപ്പിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ടോ ; വളം/കീടനാശിനി എന്നിവയ്ക്ക് സബ്സിഡി ലഭി ക്കുന്നുണ്ടോ ?

13. തെങ്ങുകൃഷിക്കായി തെങ്ങിൻ തൈകൾ എവിടെനിന്നാണ് തെരഞ്ഞെടുക്കുന്നത് ; കൃഷി വകുപ്പിന്റെ ഫാമുകളിൽ നിന്നും വാങ്ങാറുണ്ടോ ; ആവശ്യമായ തൈകൾ ഫാമിൽ ലഭ്യമാണോ ; കൃഷി ഭവനുകൾ മുഖേന ലഭ്യമാക്കുന്ന തൈകളുടെ ഗുണ നിലവാരം സംബന്ധിച്ച് എന്താണഭിപ്രായം ?

14. ഇടവിളയായി എന്തെല്ലാം കൃഷികളാണ് ചെയ്യുന്നത് ?

15. (a) തെങ്ങുകയറ്റത്തിന് ആവശ്യത്തിനു തൊഴിലാളികളെ യഥാസ മയം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടോ ?

(b) തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കുന്നുണ്ടോ ?

(c) ഇത് ലാഭകരവും സൗകര്യപ്രദവുമാണെന്ന് അഭിപ്രായമുണ്ടോ ;

(d) ഇപ്പോൾ ലഭ്യമായിട്ടുള്ള യന്ത്രങ്ങളുടെ ഉപയോഗത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടോ ?

(e) യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുന്നതിന് പരിശീലനം ലഭിച്ച തൊഴിലാളികളുടെ ദൗർലഭ്യം ഉണ്ടാകുന്നുണ്ടോ ?

## ചെറുകിട കേരകൃഷി

16. (a) താങ്കൾ പരിമിതമായ സ്ഥലത്തുമാത്രം (മറ്റു കൃഷികളോടൊപ്പവും വീട്ടുപരിസരത്തും) തെങ്ങു കൃഷി നടത്തുന്ന കർഷകനാണെങ്കിൽ താങ്കളുടെ ഭൂമിയിലെ തെങ്ങുകളുടെ എണ്ണം ; ഇവയിൽ ഉല്പാദനക്ഷമതയുള്ള തെങ്ങുകളുടെ എണ്ണം/ പ്രായാധിക്യം ചെന്ന രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം എത്ര ; ഒരു തെങ്ങിൽ നിന്നും ഒരു വർഷം ലഭിയ്ക്കുന്ന നാളികേരം എത്ര ?

(b) താങ്കൾക്ക് കൃഷി വകുപ്പിൽ നിന്നും തെങ്ങുകൃഷി സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ടോ ?

(c) താങ്കൾ കൃഷി ഓഫീസുമായി ബന്ധപ്പെടാറുണ്ടോ ; കൃഷി അസിസ്റ്റന്റുമാരുടെ സേവനം ലഭിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ സേവനം ലഭിക്കുന്നുണ്ട് ?

(d) പ്രായാധിക്യം ചെന്ന/രോഗ/കീട ബാധയുള്ള തെങ്ങുകൾ വെട്ടി മാറ്റുന്നതിന് കൃഷി ഓഫീസിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; ഇവ പര്യാപ്തമാണെന്ന് തോന്നുണ്ടോ ; ഇത് ലഭ്യമാകുന്നതിന് കാലതാമസം നേരിടാറുണ്ടോ ;

(e) ഇടവിളയായി ഏതെല്ലാം കൃഷികളാണ് ചെയ്യുന്നത് ?

## ക്ലസ്റ്റർ

17. കേരകർഷകരുടെ ക്ലസ്റ്റർ സംവിധാനം താങ്കളുടെ പ്രദേശത്തു നിലവിലുണ്ടോ ; ഈ സംവിധാനം പ്രയോജനപ്രദമാണെന്ന് അഭിപ്രായ

മുണ്ടോ ; ഇപ്പോൾനടപ്പിലാക്കിയിരിക്കുന്ന ക്ലസ്റ്റർ സംവിധാനത്തിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം ?

18. കേര കർഷക സമിതികൾ താങ്കളുടെ പ്രദേശത്തു പ്രവർത്തിക്കുന്നുണ്ടോ ; ടി സമിതികൾ പ്രയോജനകരമായിരുന്നുവെന്ന് അഭിപ്രായമുണ്ടോ ; ഇവ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ടോ ?

**<u>നാളികേര വിപണനം</u>**

19. താങ്കൾ നാളികേരം എപ്രകാരമാണ് വിപണനം ചെയ്യുന്നത് ? (കരിക്ക്/പച്ചത്തേങ്ങ/കൊപ്ര) ഇപ്പോൾ ഇവയ്ക്ക് ലഭിയ്ക്കുന്ന വിലയെന്താണ് ?

20. തൊണ്ട് എന്തു ചെയ്യുന്നു ; കയർ ഉല്പാദനത്തിനായി നൽകാറുണ്ടോ ?

21. (a)കേര വിപണനത്തിൽ താങ്കൾ എന്തെങ്കിലും ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം

(b) നാളികേര വിപണിയെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനായി സർക്കാരിന്റെ ഇടപെടൽ ആവശ്യമെന്നു തോന്നുന്നുണ്ടോ ;

എങ്കിൽ ഏത് തരത്തിലുള്ള ഇടപെടൽ ?

22. (a) താങ്കൾ നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം ?

(b) ഇപ്രകാരമുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും ഏജൻസികൾ പദ്ധതി തയ്യാറാക്കി താങ്കളുടെ പ്രദേശത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഇതിനായി ധനസഹായമോ സബ്സിഡിയോ ലഭിച്ചിട്ടുണ്ടോ ?

23. നാളികേരമേഖല ഇന്നു നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഉല്പാദനവും അതാടൊപ്പം വരുമാനവും വർദ്ധിപ്പിക്കുന്ന

തിനും സഹായകരമായ കൂടുതൽ നിർദ്ദേശങ്ങൾ നൽകുന്നത് സ്വാഗതാർഹമാണ്.

## കുറിപ്പ്

ഉത്തരങ്ങൾ 2008 നവംബർ 25-ാം തീയതിയ്ക്കോ അതിനുമുമ്പോ സെക്രട്ടറി, കേരള നിയമസഭ (സബ്ജക്ട് കമ്മിറ്റി - I), തിരുവനന്തപുരം, പിൻ-695033 എന്ന വിലാസത്തിൽ എഴുതി അറിയിക്കുക.